## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 784 — 30.06.2015-ൽ മറുപടിക്ക്

# സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രികളുടെ വികസനം

**ചോദ്യം** — ശ്രീ. കെ.വി. അബ്ദുൾ ഖാദർ

**മറുപടി** — ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രികളുടെ വികസനത്തിനായി കഴിഞ്ഞ ബഡ്ജറ്റിൽ എത്ര തുക വകകൊള്ളിച്ചെന്നും അതിൽ എത്ര തുകയാണ് ചെലവാക്കിയതെന്നും വ്യക്തമാക്കുമോ; | (എ) | **മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രികളുടെ വികസനത്തിനായി 2014-15 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ 18 കോടി രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. ഇതിൽ 11.96 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. 5.3 കോടി രൂപ ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിംഗ് വഴി 2015 സെപ്റ്റംബർ 30- ന് അകം ചെലവഴിക്കുവാനുള്ള അനുമതിയും ലഭ്യമായിട്ടുണ്ട്.<br>**ആരോഗ്യവകുപ്പ്**<br>സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളുടെ വികസനത്തിനായി 2014-15 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്ന 1095 ലക്ഷം രൂപയിൽ നിന്നും 7,04,56,970/-രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഈ ആശുപത്രികൾക്കായി നിലവിലെ ബഡ്ജറ്റിൽ ഏതെല്ലാം പദ്ധതിക്കായി എത്ര തുക നീക്കിവെച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | (ബി) | **മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**<br>2015-16 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ കോളേജുകളിലെ സ്ത്രീകളുടെയും കുട്ടികളുടെയും യൂണിറ്റുകളുടെ നിലവാരം മെച്ചപ്പെടുത്തുവാനായി 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയുടെ മാതൃകയിൽ എല്ലാ മെഡിക്കൽ കോളേജുകളിലും ജനനി സുരക്ഷാ കേന്ദ്രങ്ങൾ സ്ഥാപിക്കുവാനായി 5 കോടി രൂപയുടെ പദ്ധതി ധനകാര്യ മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയുണ്ടായി.<br>**ആരോഗ്യവകുപ്പ്**<br>നിലവിലെ ബഡ്ജറ്റിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ടി ആശുപത്രികളുടെ വികസനത്തിനായി 1150 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**